83

# കർത്താവിന്നായി ഫലം കായ്ക്കൽ

## യോഹന്നാൻ 15:1-12, ഒരടുത്ത നോട്ടം

മാളികമുറി, പെസഹാപെരുന്നാൾ, വരുവാനുള്ള ക്രൂശ്, എന്നിവ ശിഷ്യന്മാർ ഒരുക്കേണ്ടതു അത്യാവശ്യമായിരുന്നു–അവയെല്ലാം യോഹന്നാൻ 14–16 ലെ അവന്റെ നിസ്തുലമായ വിടവാങ്ങൽ പ്രസംഗത്തിലുണ്ട്. ആ പ്രസംഗത്തിൽ, കർത്താവ്, മുന്തിരി വള്ളിയുടേയും കൊമ്പുകളുടേയും വെല്ലുവിളിയുള്ള സന്ദേശം നൽകി.

ക്രിസ്തു ഉപയോഗിച്ച ഭാവനയുടെ ശ്വാസീയതയെ പണ്ഡിതന്മാർ ഊഹിച്ചിട്ടുണ്ട്. ഒരുപക്ഷെ കർത്തൃമേശ സ്ഥാപിക്കുവാൻ മുന്തിരിവള്ളിയുടെ അനുഭവമായിരിക്കാം എടുത്തത്. ആ വീടിന്റെ മുറ്റത്ത് പടർന്ന് നില്ക്കുന്ന മുന്തിരിവള്ളി ജനലിൽ കൂടെ കാണാമായിരിക്കാം. പ്രസംഗത്തിന്റെ അവസാനഭാഗം യേശു പൂർത്തിയാക്കുന്നതിന് മുൻപ് അവർ മാളികമുറി വിട്ടു പോയെങ്കിൽ (യോഹന്നാൻ 14:31 നോക്കുക), ആ ചെറിയ കൂട്ടം ഒരു തോട്ടം കണ്ടിരിക്കാം. ദൈവാലയത്തിലെ തങ്കംകൊണ്ടുള്ള മുന്തിരിവള്ളിയും കുലകളും കടന്നായിരിക്കാം അവർ പോയത്. ക്രിസ്തു ഒരുപക്ഷെ പഴയനിയമ ഭാവന നടത്തിയിരിക്കാം (സങ്കീർത്തനങ്ങൾ 80; യെശയ്യാവ് 5; യിരെമ്യാവ് 2). തീർച്ചയായും, എല്ലാവർക്കും മനസിലാകുന്ന അലങ്കാരമായതുകൊണ്ടാകാം യേശു മുന്തിരി വള്ളിയുടെ അലങ്കാരം ഉപയോഗിച്ചത്.

എന്തുകൊണ്ട് യേശു ആ ഭാവന ഉപയോഗിച്ചു എന്നതിനേക്കാൾ, എന്തു നേടുവാനാണ് അവൻ ആ ചിത്രീകരണം ഉപയോഗിച്ചതു എന്നു ചോദിക്കുന്നതായിരിക്കും ഉചിതം. അധികം കഴിയുന്നതിനു മുൻപ് അവൻ ഭൂമിയിൽ നിന്ന് പോകുവാനിരിക്കുന്നു. അതിനുശേഷം അവന്റെ ശിഷ്യന്മാർ അവൻ ദൗത്യം പൂർത്തിയാക്കേണ്ടതുണ്ട്. *അതെങ്ങനെ* നേടിയെടുക്കാമെന്ന് അവർ മനസിലാക്കേണ്ടിയിരുന്നു. അതായിരുന്നു കർത്താവിന്റെ വാക്കുകളുടെ പശ്ചാത്തലം:

> ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും, എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും, അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു. ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം, നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു. എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിന്ന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി കായ്പാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴികയില്ല. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പ് പോലെ പുറത്ത് കളഞ്ഞിട്ട്, അവൻ ഉണങ്ങിപ്പോകുന്നു. ആ വക ചേർത്ത് തീയിൽ ഇടുന്നു; അതു വെന്തുപോകുന്നു. നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്ക് കിട്ടും. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ, എന്റെ പിതാവ്

മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ സ്നേഹിതന്മാർ ആകും. പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ, ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച്, അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ, എന്റെ സ്നേഹത്തിൽ വസിക്കും. എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും, നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോട് സംസാരിച്ചിരിക്കുന്നു.

ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന. ... നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നും, നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും, നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്ക് തരുവാനായിട്ടു തന്നേ (യോഹന്നാൻ 15:1–12, 16).

ആ വാക്കുകൾ ആദ്യം അപ്പൊസ്തലന്മാരോട് പറഞ്ഞതും അവർക്ക് പ്രാധാന്യമുള്ളതും ആയിരുന്നു (15:16 ശ്രദ്ധിക്കുക). എങ്ങനെയായാലും, വാക്യങ്ങൾ 1മുതൽ 12 വരെയുള്ള സന്ദേശത്തിന്റെ കാതലായ വശങ്ങൾ എല്ലാ ക്രിസ്ത്യാനികൾക്കും പ്രായോഗികമാക്കാനുള്ളതാണ്.

മൂന്നു വലിയ വിഷയങ്ങൾ ആ വാക്യങ്ങളിൽ കാണാം: (1) ദൈവകല്പനകൾ പ്രമാണിക്കൽ, (2) ദൈവത്തിന് വേണ്ടി ഫലം കായ്ക്കൽ, (3) ദൈവസ്നേഹത്തിൽ വസിക്കൽ. മൂന്നു–കാലുള്ള സ്റ്റൂളിന്റെ കാലുകൾ പോലെ, ഈ വിഷയങ്ങളും ഒന്നോടൊന്ന് പിന്താങ്ങുന്നതാണ്. ആ വിഷയങ്ങളിൽ രണ്ടാമത്തേതിനെ ശ്രദ്ധിക്കുന്നതാണി ഈ പ്രസംഗം – ഫലം കായ്ക്കലും – പ്രത്യേകിച്ച് ഫലം കായ്ക്കുന്ന ഒരു രീതിയും.[2]

### ഫലം-കായ്ക്കലിന്റെ യാഥാർത്ഥ്യം

ആ വേദഭാഗത്തിലുടനീളം, അടിവരയിട്ട ആശയം മുന്തിരിവള്ളിക്ക് ഒരു ഉദ്ദേശം ഉണ്ട് എന്നതാണ്, അത് *ഫലം കായ്ക്കലാണ്* (വാ.2, 4, 5, 8). മുന്തിരിവള്ളിയുടെ കൊമ്പ് അതിന്റെ ഉദ്ദേശം നിറവേറ്റാതിരിക്കുന്നതിനെ തോട്ടക്കാരനു നീതീകരിക്കാവുന്നതല്ല. ഫലം പുറപ്പെടുവിക്കാത്ത കൊമ്പുകൾ ഫലം പുറപ്പെടുവിക്കുന്ന കൊമ്പുകളിൽ നിന്ന് പോഷകാഹാരം വലിച്ചെടുക്കുന്നതുകൊണ്ട്, അവ മുറിച്ച് കളയണം (വാ.2, 6). അതുപോലെ, ക്രിസ്ത്യാനികളായ നമുക്കും, ഒരുദ്ദേശമുണ്ട്:ഫലം പുറപ്പെടുവിക്കുക. യേശു പറഞ്ഞു, “നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും” (വാ.8). ഫലം കായ്ക്കൽ തിരഞ്ഞെടുക്കാവുന്ന ഒന്നല്ല. മറ്റു ക്രിസ്തീയ പ്രവർത്തനങ്ങളുടെ അനുബന്ധമല്ല ഫലം കായ്ക്കൽ. ഫലം കായ്ക്കൽ ആണ് നമ്മുടെ ഉദ്ദേശം, അതാണ് ക്രിസ്തുവിനെ അനുഗമിക്കുക എന്നാൽ. നാം ഫലം കായ്ക്കുന്നില്ലെങ്കിൽ, നാം ആയിരിക്കുന്നതിനു തന്നെ കാരണം ഇല്ലാതാകുന്നു.

നാം കായ്ക്കേണ്ട “ഫലം” എന്താണ്? പുതിയ നിയമത്തിൽ “ഫലം” വ്യത്യസ്ത രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്.[3] ചിലർ വിചാരിക്കുന്നത് യോഹന്നാൻ 15 ലെ “ഫലം” “ആത്മാവിന്റെ ഫലങ്ങളാണ്” എന്നത്രേ. ആത്മാ

വിന്റെ ഫലത്തെ കുറിച്ച് പൗലൊസ് എഴുതി, "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, വിശ്വസ്തത, പരോപകാരം, ഇന്ദ്രിയ–ജയം, സൗമ്യത" (ഗലാത്യർ 5:22, 23). അതുമായി അടുത്ത ബന്ധത്തിൽ, നാം ക്രിസ്തുവിനെപോലെയുള്ള ഗുണങ്ങൾ നമ്മിൽ വളർത്തിയെടുക്കുമ്പോൾ, നാം "ഫലം കായ്ക്കൽ" കല്പന നിറവേറ്റുന്നു എന്നാണ്. വേറെ ചിലർ പറയുന്നത്, കർത്താവിനുവേണ്ടി പ്രവർത്തിച്ച് ജീവിച്ച് *എല്ലാ* ക്രിയാത്മക ഫലവും പുറപ്പെടുവിക്കുന്നതാണ് "ഫലം കായ്ക്കൽ" എന്നാണ്. പൗലൊസ് പറഞ്ഞു, "എനിക്ക്, ജീവിക്കുന്നത് ക്രിസ്തുവും ... എന്നാൽ ജഡത്തിൽ ജീവിക്കുന്നത്, എന്റെ വേലക്ക് ഏറെ ഫലം വരും" (ഫിലിപ്പിയർ 1:21, 22). കെജെവിയിൽ "അതാണ് എന്റെ വേലയുടെ ഫലം" എന്നാണ്.

"ഫലം" എന്ന വാക്ക് ബൈബിളിൽ പൊതുവായി ഉപയോഗിച്ചിരിക്കുന്നത് പ്രത്യുൽപാദനവും അതിന്റെ ഫലങ്ങളും സൂചിപ്പിക്കുവാനാണ് (ഉല്പത്തി 1:11; ലൂക്കൊസ് 1:42). ആപ്പിൾ മരത്തിന്റെ ഫലം ആപ്പിളും, ഓറഞ്ചു മരത്തിന്റെ ഫലം ഓറഞ്ചുമായിരിക്കുന്നതുപോലെ, ഒരു ക്രിസ്ത്യാനിയുടെ ഫലം മറ്റൊരു ക്രിസ്ത്യാനി ആണെന്ന് ആരോ പറഞ്ഞിട്ടുണ്ട്. ഭൗതിക ഗോളത്തിൽ മനുഷ്യരോട് പറഞ്ഞിരിക്കുന്നത്, "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞു പെരുകുവിൻ" (ഉല്പത്തി 1:28; കൂടാതെ ഉല്പത്തി 9:1, 7 ഉം നോക്കുക). അതേ വെല്ലുവിളി ആത്മിയ ഗോളത്തിലുമുണ്ട്. പൗലൊസ് എഴുതി,

> അതുകൊണ്ട് സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കുമാറ്, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്ന് ആകേണ്ടതിന്ന് [അതായത് വേറൊരാളെ വിവാഹം കഴിക്കേണ്ടതിന] നിങ്ങളും [ക്രിസ്തുവിന്റെ] ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു (റോമർ 7:4).

റോമർ 7:4–ൽ "ഫലം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് പൊതുവായ രീതിയിലാണ്, എന്നാൽ വിവാഹ ചിത്രീകരണം പറയുന്നത് മക്കളുടെ "ഫലം" – ആത്മിയ മക്കൾ എന്നാണ്, അതായത്, പുതിയ ക്രിസ്ത്യാനികൾ എന്നാണ്. പൗലൊസ് റോമയിലെ സഭക്ക് ലേഖനം എഴുതിയപ്പോൾ, അത്തരം ഫലം കായ്ക്കലിനെ കുറിച്ചായിരിക്കാം പറഞ്ഞത്. സഹോദരന്മാരെ അവൻ സന്ദർശിക്കുകയും തൽഫലമായി, "എനിക്ക് ശേഷം ജാതികളിലെന്നപോലെ, നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന്ന്, നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു" (റോമർ 1:13).

യോഹന്നാൻ 15 ലെ "ഫലത്തെ" സംബന്ധിച്ച് മുൻപ് പറഞ്ഞ എല്ലാ സാധ്യതകളും നാം തിരഞ്ഞെടുക്കേണ്ടതുണ്ടോ? ആത്മാവിന്റെ ഫലങ്ങളാൽ ഉണ്ടാകുന്ന ക്രിയാത്മകഫലങ്ങൾ കൂടാതെ നമുക്ക് ക്രിസ്തുവിനെ പോലെയുള്ള ഗുണങ്ങൾ നമ്മിലുണ്ടാകുവാൻ സാധ്യതയുണ്ടോ? നാം നഷ്ടപ്പെടുന്നവരെ കണ്ടെത്തുവാനുള്ള ശ്രമം നടത്താതെ ആത്മാവ് നിറഞ്ഞ് ക്രിസ്തുവിനെ പോലെ ആകുവാൻ നമുക്ക് കഴിയുമോ? താൻ വന്നത് "കാണാതെ പോയവരെ തിരഞ്ഞു രക്ഷിക്കുവാനാണ്" എന്ന് യേശു പറഞ്ഞു (ലൂക്കൊസ് 19:10). നാം "അവന്റെ കാൽപാടുകൾ പിൻപറ്റേണ്ടവരുമാണ്" (1 പത്രൊസ് 2:21). നമ്മുടെ വിശ്വാസം പങ്കിട്ട് ആത്മാക്കൾ രക്ഷിക്കപ്പെടേണ്ട പ്രാധാന്യത്തെ നാം തിരിച്ചറിയേണ്ടതുണ്ട്.

ആ പ്രായോഗികത മനസിൽ വെച്ചുകൊണ്ട് ഇത് പരിഗണിക്കുക:മുന്തിരിവള്ളിയല്ല; കൊമ്പുകളാണ് ഫലം കായ്ക്കുന്നത്. കൊമ്പുകളെ ഫലം കായ്ക്കുവാൻ മുന്തിരിവള്ളി *പ്രാപ്തമാക്കുന്നു*, എന്നാൽ കൊമ്പുകൾ ആണ് ഫലം കായ്ക്കേണ്ടത്. കൊമ്പുകൾ ഫലം പുറപ്പെടുവിച്ചില്ലെങ്കിൽ, അതിൽ ഫലം ഒന്നും ഉണ്ടാകയില്ല. നിങ്ങളും ഞാനും ആത്മാക്കളെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടാൽ, ആത്മാക്കൾ രക്ഷപ്പെടുകയില്ല.

പുതിയനിയമത്തിൽ, വിശ്വാസം പങ്കിടുന്നത് അധികം കല്പിക്കുന്നതിനേക്കാൾ ഒരു ക്രിസ്ത്യാനിയായി തീരുന്നതിനാൽ സ്വാഭാവികമായി സംഭവിക്കുന്നതായിട്ടാണ്. മത്തായി പറയുന്ന മഹത്തായ ആജ്ഞ നമുക്ക് അധികം പേർക്കും അറിയാം: "ആകയാൽ, നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28:19). വേദഭാഗം അക്ഷരികമായി പറയുന്നത് "ആകയാൽ പോയി സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" എന്നാണ്.[4] മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നിങ്ങൾ പോകു*മ്പോൾ* (അല്ലെങ്കിൽ നിങ്ങൾ പോകുന്നതു*കൊണ്ട്*), കാണുന്നവരെ എല്ലാം പഠിപ്പിക്കുക." യെരുശലേം സഭക്ക് ഉപദ്രവം നേരിട്ടപ്പോൾ വാസ്തവത്തിൽ സംഭവിച്ചത് അതാണ്:

> ... അന്ന് യെരുശലേം സഭക്ക് ഒരു വലിയ ഉപദ്രവം നേരിട്ടു. അപ്പൊസ്തലന്മാർ ഒഴികെ എല്ലാവരും യെഹൂദ്യ, ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി. ... ചിതറിപ്പോയവർ വചനം സുവിശേഷിച്ചുകൊണ്ട് അവിടവിടെ സഞ്ചരിച്ചു (പ്രവൃത്തികൾ 8:1, 4).

നാം പങ്കിടുന്നത് എന്താണെന്ന് മനസിലാക്കുന്നു എങ്കിൽ, പങ്കിടൽ *സ്വാഭാവികമായിരിക്കും.* യേശുവിലുള്ള വിശ്വാസമാണ് നാം പങ്കിടുന്നത്; സുവാർത്ത, സുവിശേഷം ആണ് നാം പങ്കിടുന്നത്. വിവാഹനിശ്ചയം കഴിഞ്ഞ ഉടനെ ആ പെൺകുട്ടിയോട് വിവാഹനിശ്ചയമോതിരം കാണിക്കുവാൻ ആവശ്യപ്പെടേണ്ടതില്ല. *സ്വാഭാവിക*മായി തന്നെ അവളുടെ വിവാഹനിശ്ചയമോതിരം എല്ലാവരെയും അവൾ കാണിക്കും. ആദ്യമായി അപ്പനായി തീർന്ന ഒരാളെ അതു പറയുവാൻ പ്രേരിപ്പിക്കേണ്ട ആവശ്യമില്ല – മുത്തശ്ശിയായി തീർന്ന സ്ത്രീയോട് അവളുടെ ആദ്യപേരക്കുട്ടിയുടെ ചിത്രം കാണിക്കുവാൻ പറയേണ്ട ആവശ്യമില്ല. അവരുടെയെല്ലാം പുതിയ വിശേഷം പങ്കിടൽ *സ്വാഭാവികമായിരിക്കും*. അപകടം നിറഞ്ഞ ലോകത്തിൽ, ലോകം പുതിയ വിശേഷങ്ങൾക്കായി കാതോർത്തിരിക്കുന്നു.[5] നമുക്ക് യേശുവിന്റെ സുവിശേഷം ഉണ്ട്! ആ സുവിശേഷം നാം പങ്കിടുന്നത് എത്രത്തോളം സ്വാഭാവികമായിരിക്കണം!

ചിലർ അത് "എങ്ങനെ? എന്ന് ചോദിച്ചേക്കാം, എന്റെ വിശ്വാസം എങ്ങനെ പങ്കിടുവാൻ കഴിയും? മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആദായപ്പെടുത്തുന്ന വിധത്തിൽ എനിക്ക് എങ്ങനെ ഫലം കായ്ക്കുവാൻ കഴിയും?" എങ്ങനെ എന്ന് ആ വേദഭാഗം പറയുന്നില്ല; എന്നാൽ പങ്കിടുവാനുള്ള സൂചന അതു നൽകുന്നുണ്ട്. നമ്മുടെ വിശ്വാസം പങ്കിടുവാൻ ഡസൻ കണക്കിന്, നൂറുകണക്കിന് രീതികളുണ്ട്. നാം ഓരോരുത്തരും വ്യത്യസ്തരാണ്.

ഒരാൾക്ക് ശരിയാവുന്നത് മറ്റൊരാൾക്ക് ശരിയാവണമെന്നില്ല.[6] നിങ്ങൾ ഏതു രീതി സ്വീകരിച്ചാലും, അതിൽ *ജീവിതവും ഉപദേശവും* ഉൾപ്പെടണം. ഫിലിപ്പിയർ 2:15, 16 പൗലൊസ് ആ വസ്തുതകൾ യോജിപ്പിച്ചിരിക്കുന്നു:

> വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളും ആകേണ്ടതിന്ന് എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ നടുവിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസുകളെപോലെ പ്രകാശിക്കുന്നു. . . .

(1) *ജീവിതം*. നിഷേധവും ക്രിയാത്മകവുമായി, വിശ്വസ്തക്രിസ്തീയ ജീവിതം നയിക്കണം. മറ്റുള്ളവരെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തു ക്രിയാത്മകമായി നല്ല ജീവിതം നയിക്കണം. നിഷേധമായി, നിർമ്മലമായി തീരുവാൻ തിന്മ വിട്ടുകളയണം. നിങ്ങൾ ഉപദേശിക്കുന്നതുപോലെ സ്ഥിരമായി ജീവിക്കുന്നില്ലെങ്കിൽ, ആരും നിങ്ങളുടെ ഉപദേശം കേൾക്കുവാൻ പോകുന്നില്ല.[7]

(2) *ഉപദേശം*. നിങ്ങൾ എത്ര നല്ല ജീവിതം നയിച്ചാലും, സുവിശേഷം പ്രസംഗിക്കണം. സത്യം അനുസരിച്ച് ജീവിക്കുന്നേടത്തോളം ആ സത്യം മറ്റുള്ളവരെ അറിയിച്ചില്ലെങ്കിലും കുഴപ്പമില്ല എന്ന് ചിലർ വിചാരിക്കുന്നു. നിങ്ങൾ യേശുവിനേക്കാൾ നല്ലവനാണോ? അവന്റെ ജീവിതത്താൽ മാത്രം അവന് ഫലം കായ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. അവൻ സത്യത്തിൽ ജീവിക്കയും സത്യം ഉപദേശിക്കയും ചെയ്തു. ഉപദേശം, ലേഖനങ്ങളാലും, ലഘുലേഖകളാലും, ഫിലിംസ്ട്രിപ്സുകളാലും, വീഡിയോകളാലും, അല്ലെങ്കിൽ മുഖാമുഖമായും നടത്താം. എങ്ങനെ ഉപദേശിക്കുന്നു എന്നതിനേക്കാൾ ഉപദേശിക്കുന്നതിനാണ് പ്രാധാന്യം.

ആ ചിന്തയിലേക്ക് ഞാൻ മടങ്ങി വരട്ടെ: യോഹന്നാൻ 15 അനുസരിച്ച്, ഫലം കായ്ക്കുക എന്നാൽ ക്രിസ്ത്യാനി ആയി ജീവിക്കുക എന്നതാണ്. നമ്മുടെ പങ്ക് ഒരു കൊമ്പ് ആണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ, നമുക്ക് ഫലം പുറപ്പെടുവിക്കുവാൻ കഴിയു.

### ഫലം-കായ്ക്കലിന്റെ ബന്ധം

*ക്രിസ്തുവിനപ്പുറം* നമുക്ക് ഫലം കായ്ക്കുവാൻ കഴിയുകയില്ല എന്നതാണ് ക്രിസ്തുവിന്റെ ഉപദേശത്തിലെ മുഖ്യ ഊന്നൽ. “എന്നിൽ വസിപ്പിൻ” എന്നു പറഞ്ഞുകൊണ്ടാണ് വാക്യം 4 ആരംഭിക്കുന്നത്.

മുന്തിരിവള്ളിയും കൊമ്പുകളും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ശാസ്ത്രീയമായ ലെക്ചർഷിപ്പ് വേണമെങ്കിൽ നടത്താം. ദ്രാവകവ്യാപന നടപടികളെ കുറിച്ച് നമുക്ക് ധാരാളം സംസാരിക്കാം: മുന്തിരിവള്ളിയുടെ വേരുകൾ ആണ് മണ്ണിൽനിന്ന് ജലാംശവും പോഷകങ്ങളും കൊമ്പുകളിലെത്തിക്കുന്നത്. പ്രകാശസംശ്ലേഷണത്തെ കുറിച്ചും നമുക്ക് സംസാരിക്കുവാൻ കഴിയും: സൂര്യപ്രകാശം ഇലകൾക്ക് പച്ചനിറം നൽകുന്നു.[8] എങ്ങനെയായാലും, ഇത് ഒരു ഉദ്യാനമുണ്ടാക്കലിനെ കുറിച്ചുള്ള പാഠമല്ല, എന്നാൽ ബന്ധത്തെ കുറിച്ചുള്ള പാഠമാണ്. നിങ്ങൾക്ക് ഒരുപക്ഷെ ദ്രാവക വ്യാപനത്തെ കുറിച്ചോ പ്രകാശ

സ്ലേഷണത്തെ കുറിച്ചോ അറിയില്ലായിരിക്കാം. എന്നാൽ ഇതു നിങ്ങൾക്ക് മനസിലാക്കാം: മുന്തിരിവള്ളിയിലായിരിക്കുമ്പോൾ മാത്രമാണ് കൊമ്പുകൾക്ക് ജീവൻ ഉള്ളത്. കഴിഞ്ഞ കാലത്ത് കൊമ്പ് എത്രമാത്രം വളർന്നാലും ശരി, എത്ര മാത്രം നീളവും വണ്ണവും വെച്ചാലും ശരി, അത് എത്രമാത്രം പച്ച നിറത്തിലും, ആരോഗ്യത്തിലും, കണ്ടെത്തിയാലും ശരി, അല്ലെങ്കിൽ എത്ര ആകർഷണീയമായി തോന്നിയാലും ശരി, അത് മുന്തിരിവള്ളിയുമായി ബന്ധപ്പെട്ടില്ലെങ്കിൽ, *നിർജീവമായി*പ്പോകും.

അതു ക്രിസ്തുവുമായുള്ള ബന്ധത്തിലും വാസ്തവമാണ്: നമ്മുടെ ആത്മിയ ജീവിതത്തിനും വളർച്ചക്കും അവൻ നമുക്ക് അത്യാവശ്യമാണ്. നാം *അവനോട്* ചേരുവാനാണ് സ്നാനമേറ്റത് (റോമർ 6:3–6; ഗലാത്യർ 3:26, 27). *അവനിൽ*, നാം പുതിയ സൃഷ്ടിയായിതീരുന്നു (2 കൊരിന്ത്യർ 5:17). അവനിൽ ആണ് സകല ആത്മിയ അനുഗ്രഹങ്ങളും (എഫെസ്യർ 1:3). അവനിൽ, നമുക്ക് വീണ്ടെടുപ്പുണ്ട് (കൊലൊസ്യർ 1:13, 14).

നമ്മിൽ ചിലർ ആത്മാക്കളെ നേടേണ്ടതുപോലെ നേടാത്തത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് വിശ്വാസം പങ്കിടാത്തത്? നാം എന്തുകൊണ്ടാണ് ആത്മിയമായി വളരാത്തത്? എന്നും ചോദിക്കാം. നാം എന്തുകൊണ്ടാണ് സഭായോഗം മുടക്കുന്നത്? എന്തുകൊണ്ടാണ് നാം ദൈവഭക്തിയുള്ള ക്രിസ്തീയജീവിതം നയിക്കാത്തത്? ഈ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരം ഒന്നു തന്നെ: *ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധം* ശരിയല്ല. യേശു പറഞ്ഞു, “ഒരുത്തൻ എന്നിലും, ഞാൻ അവനിലും വസിച്ചാൽ, അവൻ വളരെ ഫലം കായ്ക്കും ...” (യോഹന്നാൻ 15:5). ബന്ധം ശരിയാണെങ്കിൽ, നാം ഫലം കായ്ക്കും.

ബന്ധം ആണ് മുഖ്യം. വ്യക്തിപരമായ ഒരു ചിത്രീകരണം ഞാൻ പറയട്ടെ. ഞാൻ ക്ഷീണിച്ച ഒരു ദിവസം എന്റെ മനസിലേക്ക് വരുന്നു, തിരക്കിട്ട ദിവസമായിരുന്നു, എന്റെ സാമ്പത്തിക ബാദ്ധ്യതകളെ കുറിച്ചും ഞാൻ ഭാരപ്പെട്ടിരുന്നു. എന്റെ പെൺമക്കളിൽ ഒരാൾ വെപ്രാളപ്പെട്ട് പറഞ്ഞു, “ഡാഡീ എനിക്ക് ഉടനെ ഒരു സഹായം വേണം, അത്യാവശ്യമാണ്!” “ഞാൻ തിരക്കിലാണ്” എന്നു പറഞ്ഞില്ല, “ഞാൻ വളരെ ക്ഷീണിച്ചിരിക്കുകയാണ്” എന്നു പറഞ്ഞില്ല. “എന്റെ കയ്യിൽ പണം ഒന്നുമില്ല” എന്നും പറഞ്ഞില്ല. “നിന്റെ ആവശ്യം എന്തായാലും അത് എങ്ങനെ നിറവേറ്റും?” എന്നും പറഞ്ഞില്ല. എങ്ങനെ എന്ന് എനിക്ക് അറിയില്ല എങ്കിൽ, അറിയാവുന്ന ആരെയെങ്കിലും ഞാൻ കണ്ടെത്തും. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഞാൻ എന്റെ മകളെ സഹായിക്കും. എന്തകൊണ്ട്? കാരണം ഞങ്ങൾക്ക് തമ്മിൽ ഒരു പ്രത്യേക ബന്ധമുണ്ട്.

ഇപ്പോഴത്തെ ചോദ്യം എന്തെന്നാൽ “യേശുവുമായി ഏതു തരത്തിലുള്ള ബന്ധമാണ് നമുക്ക് ഉള്ളത്? എന്നാണ്.” അതായത്, നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റോ; എങ്കിൽ, നാം അവന്നായിട്ടാണോ ജീവിക്കുന്നത്? വ്യക്തിപരമായി യേശുവിൽ വസിക്കുന്നതിനെ കുറിച്ച്, യോഹന്നാൻ തന്റെ ലേഖനത്തിൽ പറയുന്നുണ്ട്.അവനിൽ വസിക്കുന്നവൻ അവൻ നടന്നതുപോലെ നടക്കും എന്നാണ് അവൻ പറഞ്ഞത് (1 യോഹന്നാൻ 2:6), അവൻ തന്റെ സഹോദരനെ സ്നേഹിക്കും (2:9, 10), പാപസംബന്ധമായി നടക്കുകയില്ല (3:6). യേശുവിനോട് നമുക്ക് ശരിയായ ബന്ധമുണ്ടെങ്കിൽ ഫലം കായ്ക്കുവാൻ ഒരു വഴി നാം കണ്ടെത്തും.

ഫലം കായ്ക്കുന്നതിൽ പരാജയപ്പെട്ടാലുള്ള അനന്തരഫലങ്ങളെ കുറിച്ച് ചില ഗൗരവമായ പ്രസ്താവനകൾ യോഹന്നാൻ 15:1–12 നൽകുന്നു. വാക്യം 2–ൽ യേശു പറഞ്ഞു, "എന്നിൽ കായ്ക്കാത്ത കൊമ്പുകളൊക്കെയും, അവൻ നീക്കിക്കളയുന്നു." വാക്യം 6 പറയുന്നത് "അവ പുറത്ത് കളഞ്ഞ്, ... തീയിലിടുന്നു" എന്നാണ്. നാം ആത്മാക്കളെ–നേടാത്തതുകൊണ്ട് അല്ലെങ്കിൽ നാം ആത്മാക്കളെ നേടുന്നതിൽ പരാജയപ്പെട്ടാൽ നരകത്തിൽ പോകും എന്നല്ല വേദഭാഗം പറയുന്നത്. മറിച്ച് നമുക്ക് *യേശുവുമായി നല്ല ബന്ധം ഇല്ലാത്തതുകൊണ്ട്* നാം നഷ്ടപ്പെട്ടു പോകും എന്നാണ് പറയുന്നത്. വാക്യം 6 ഒന്നുകൂടെ നോക്കുക: "*എന്നിൽ വസിക്കാത്തവനെ* ഒരു കൊമ്പ് പോലെ പുറത്തു കളഞ്ഞിട്ട്, അവൻ ഉണങ്ങി പോകുന്നു; ആ വക ചേർത്ത് തീയിൽ ഇടുന്നു, അതു വെന്തുപോകും." (എംഫസിസ് മൈൻ.)

വിശ്വാസം പങ്കിടാത്തതിന് ആളുകൾ കാരണം കണ്ടെത്തും: അവർ പറയും, "എനിക്ക് നാണമാണ്," അല്ലെങ്കിൽ "ആളുകൾക്ക് വലിയ താല്പര്യമില്ല," അല്ലെങ്കിൽ "ഞാൻ നല്ല ഉപദേഷ്ടാവല്ല," അതുമല്ലെങ്കിൽ "എനിക്ക് മതിയായത്ര അറിവില്ല," അല്ലെങ്കിൽ "എനിക്ക് ഒട്ടും സമയമില്ല." അവർ ഒരു ബന്ധം സ്ഥാപിക്കുന്നതിന് പകരം ഓരോ കാരണം അന്വേഷിച്ച് കണ്ടെത്തുകയാണ് അവർ. പൗലൊസ് എഴുതി, "*എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം* ഞാൻ സകലത്തിനും മതിയായവൻ." (ഫിലിപ്പിയർ 4:13; എംഫസിസ് മൈൻ).

## ഫലം കായ്ക്കലിന്റെ ആവശ്യകതകൾ

സാക്ഷാൽ മുന്തിരിവള്ളിയോടുള്ള ബന്ധത്തിൽ, ഫലം–കായ്ക്കലിന്റെ ഹൃദയം നാം ഇപ്പോൾ നേടിയിരിക്കുന്നു. കുറച്ച് സമയം എടുത്ത് ഇനി നമുക്ക് ഫലം–കായ്ക്കലിന്റെ ആവശ്യകതകളെ പ്രായോഗികമായി മനസിലാക്കാം. ചിലർ വിചാരിക്കുന്നത് സുവിശേഷീകരണ ഫലം–കായ്ക്കലാണ് – അതായതു മറ്റുള്ളവരുമായി സുവിശേഷം പങ്കിടൽ–അതിന് വാചാലമായ നാവും, നല്ല വില്പനക്കാരന്റെ കഴിവും വേണം,[9] അല്ലെങ്കിൽ ശ്രദ്ധേയമായ ജ്ഞാനവും ആവശ്യമാണ്. എന്നാൽ വേദഭാഗം അവയൊന്നും ആവശ്യപ്പെടുന്നില്ല. മറിച്ച് അത് നാല് ആവശ്യങ്ങളാണ് പറയുന്നത്.

(1) *കീഴ്പ്പെടുവാനുള്ള മനോഭാവം.* ദൈവമാണ് തോട്ടക്കാരൻ (യോഹന്നാൻ 15:1) – തോട്ടമുടയവൻ അവനാണ്. ഫലം കായ്ക്കുന്ന കൊമ്പുകളെയും ചെത്തി വെടിപ്പാക്കുന്നത് അവനാണ് (വാ.2). നമ്മിൽ എല്ലാവരിലും ചില ദുർഗുണങ്ങളുണ്ട്, അവ ചെത്തി വെടിപ്പാക്കണം! ഞാൻ എല്ലായ്പോഴും ദൈവത്തിനും യേശുവിനും കീഴ്പ്പെട്ടിരിക്കണം. ക്രിസ്തു പറഞ്ഞു, "ഞാൻ എന്റെ പിതാവിന്റെ കല്പകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" (വാ.10).

(2) *പഠനശീലമുള്ള ഒരു മനസ്.* യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു" (വാ.3). "ശുദ്ധി" എന്ന വാക്ക് ഗ്രീക്കിൽ നിന്ന് തർജിമ ചെയ്തതാണ്, അർത്ഥം "വെടിപ്പാക്കുക" എന്നാണ് (വാ.2). ദൈവം പ്രാഥമികമായി "വെടിപ്പാക്കുന്ന ആയുധങ്ങളിൽ" ഒന്നാണ് വചനം. ക്രിസ്തു

പതിനോരുവരോട് പറഞ്ഞു, “എന്റെ ... *വചനം* നിങ്ങളിൽ വസിച്ചാൽ, നിങ്ങൾ ഇഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്ക് കിട്ടും” (വാ.7; എംഫസിസ് മൈൻ).

ഫലം–കായ്ക്കലിന് ദൈവവചന പരിജ്ഞാനം അത്യാവശ്യമാണ് – പ്രത്യേകിച്ച് സുവിശേഷീകരണ ഫലം–കായ്ക്കലിന്ന്. ബൈബിൾ പഠനവും, ആത്മാക്കളെ–നേടുന്നതും ഒരുമിച്ച് പോകുന്നു. എനിക്ക് വാസ്തവത്തിൽ വചനം അറിയാമെങ്കിൽ, ഞാൻ അത് അറിയിക്കുവാൻ ആഗ്രഹിക്കും; ഞാൻ അത് പങ്കിട്ടാൽ, അതു കൂടുതൽ പഠിക്കുവാൻ എന്നെ പ്രേരിപ്പിക്കും. യേശു പറഞ്ഞു, “നീതിക്കു വേണ്ടി വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് തൃപ്തി ലഭിക്കും” (മത്തായി 5:6). കഠിനാദ്ധ്വാനമല്ലാതെ മറ്റൊന്നും നമ്മുടെ ആഹാരത്തിന് രുചി വരുത്തുന്നില്ല, അതുപോലെ കർത്താവിന്നായി തിരക്കിട്ട് വേല ചെയ്യുന്നതല്ലാതെ മറ്റൊന്നും ദൈവ വചനത്തിന്റെ “രുചി” വർദ്ധിപ്പിക്കുന്നില്ല – പ്രത്യേകിച്ച് സത്യം പങ്കിടുന്ന കാര്യം.

(3) *സമർപ്പിക്കപ്പെട്ട ഒരു ഹൃദയം.* യേശുവിനോടൊപ്പമായിരിക്കുവാൻ നാം നമ്മെത്തന്നെ അവന്ന് സമർപ്പിക്കണം. യോഹന്നാൻ 15 ലെ അവന്റെ സന്ദേശം, “എന്നിൽ വസിപ്പിൻ” എന്നാണ് (വാ.4). നിങ്ങൾ “എന്നിൽ വസി*ച്ചാൽ*” ചില അനുഗ്രഹങ്ങൾ നിങ്ങൾക്ക് ലഭിക്കും എന്നാണ് അവൻ പറയുന്നത് (എംഫസിസ് മൈൻ). പല രീതിയിലും യേശുവുമായുള്ള നമ്മുടെ ബന്ധം, കൊമ്പുകൾക്ക് മുന്തിരിവള്ളിയോടുള്ളതുപോലെയാണ്, എന്ന് നാം കാണുകയുണ്ടായി. എന്നാൽ ഒരു കാര്യത്തിൽ താരതമ്മ്യം ഇല്ലാതാകുന്നു: കൊമ്പുകൾക്ക് മുന്തിരിവള്ളിയിൽ വസിക്കണോ വേണ്ടയോ എന്ന് തിരഞ്ഞെടുക്കുവാനുള്ള അവസരമില്ല, പക്ഷെ നമുക്ക് ഉണ്ട്.

വിശ്വസിക്കുന്നവന്റെ സുരക്ഷിതത്വം ബൈബിൾ നൽകുന്നുണ്ട്, എന്നാൽ വിശ്വാസത്യാഗം അസാധ്യമെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. യോഹന്നാൻ 15 പഠിപ്പിക്കുന്നത്, ഞാൻ മുന്തിരി വള്ളിയോട് ചേർന്നിരുന്നാലും, എന്നെ പുറത്തു കളഞ്ഞ്, “തീയിൽ ഇടുവാൻ സാധ്യതയുണ്ട്” എന്നാണ്. ഞാൻ രക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ, ഞാൻ കർത്താവിൽ വസിക്കണം. ന്യായവിധി നാളിൽ പോക്കറ്റിൽനിന്ന് “സ്നാന സർട്ടിഫിക്കറ്റ് എടുത്ത് നീട്ടി, നോക്കു, ഇതാ ഞാൻ ഇന്ന തീയതിയിൽ സ്നാനപ്പെട്ടതാണ്, അതുകൊണ്ട് എന്നെ അകത്ത് പ്രവേശിപ്പിക്കണം” എന്ന് പറയുവാൻ സാധ്യമല്ല. സ്നാനം രക്ഷക്ക് ആവശ്യമാണ്, അതുപോലെ തന്നെ കർത്താവിനോടുള്ള വിശ്വസ്തതയും ആവശ്യമാണ് (വെളിപ്പാട് 2:10). വെറുതെ സ്നാനമേല്ക്കുകയല്ല, സ്നാനപ്പെടുന്നതു ക്രിസ്തുവിനോട് ചേരുവാനായിരിക്കണം (റോമർ 6:3, 4; ഗലാത്യർ 3:26, 27), അതുപോലെ ക്രിസ്തുവിൻ നിലനിൽക്കേണ്ടതും ആവശ്യമാണ് (റോമർ 3:24; 6:11, 23; 8:1, 39; 2 കൊരിന്ത്യർ 2:14; ഫിലിപ്പിയർ 4:7, 19; 1 തെസലൊനിക്യർ 4:16).

(4) *ഒരു ഉറച്ച മനോഭാവം.* വളരുക എന്നതാണ് കൊമ്പുകളുടെ സ്വഭാവം. ഒരിക്കൽ അവയുടെ വളർച്ച നിന്നു പോയാൽ അവ നിർജീവമാകും. ആരോ എഴുതി, “വൃക്ഷത്തിന്റെ മുകളിൽ പുതിയ ശിഖരങ്ങൾ വളരുന്നില്ലെങ്കിൽ, അതിന്റെ വേരുകൾ ചെത്ത് തുടങ്ങി എന്നതാണ് സൂചിപ്പിക്കുന്നത്.” ദൈവസഹായത്താൽ നാം ക്രിസ്ത്യാനികളായി വളരും എന്നാണ്, നിങ്ങളും ഞാനും വിചാരിക്കേണ്ടത്. പ്രത്യേകിച്ച് ഫലം–കായ്ക്കൽ സംബന്ധിച്ച് നാം വളരേണ്ടതായിട്ടുണ്ട്. “ഫലത്തെ” കുറിച്ച് യോഹന്നാൻ 15 പറയുന്നു (വാ.2),

എന്നാൽ കൂടാതെ അത് "*വളരെ* ഫലം" കായ്ക്കുന്നതിനെക്കുറിച്ചും പറയുന്നു (വാ.5, 8; എംഫസിസ്സ് മൈൻ) "അധികം ഫലം" (വാ.2; എംഫസിസ്സ് മൈൻ).

### ഫലം-പുറപ്പെടുവിക്കലിന്റെ ഫലങ്ങൾ

ഈ പ്രസംഗം അവസാനിപ്പിക്കുമ്പോൾ, ഫലം കായ്ക്കലിന്റെ ചില ക്രിയാത്മക ഫലങ്ങൾ നമുക്കു ചിന്തിക്കാം.[11]

*നാം ആത്മീയമായി വളരും.* നാം ശുദ്ധീകരിക്കപ്പെടും; നാം "വളരെ ഫലം" കായ്ക്കുകയും (വാ.5, 8) "അധികം ഫലം" കായ്ക്കുകയും ചെയ്യും (വാ.2). സുവിശേഷീകരണ ഫലം–കായ്ക്കലിനെക്കുറിച്ചാണ് ഈ പ്രസംഗത്തിൽ ശ്രദ്ധിച്ചിട്ടുള്ളത്. ആത്മാക്കളെ–നേടുന്ന ആത്മീയ വളർച്ചയെ സംബന്ധിച്ച് മറ്റ് ക്രിസ്തീയ പ്രവർത്തനങ്ങൾ എനിക്ക് ചിന്തിക്കുവാൻ കഴിയുന്നില്ല.

*നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കും* (വാ.7). നിങ്ങളുടെ പ്രാർത്ഥനാ ജീവിതം ആകേണ്ടതു പോലെ അല്ലെങ്കിൽ, യേശുവുമായുള്ള നിങ്ങളുടെ ബന്ധം പരിശോധിക്കുകയും നിങ്ങൾ ഫലം കായ്ക്കുന്നുണ്ടോ എന്ന് നിങ്ങളോട് തന്നെ ചോദിക്കുകയും വേണം.

*ദൈവം മഹത്വപ്പെടും* (വാ.8). അവനാണ് തോട്ടക്കാരൻ, അവനാണ് തോട്ടം വെടിപ്പാക്കുന്നത്. കൊമ്പുകൾ ഫലം കായ്ക്കുമ്പോൾ, അവൻ മഹത്വപ്പെടുന്നു.

*അങ്ങനെ നാം സാക്ഷാൽ അവന്റെ ശിഷ്യന്മാരെന്ന് വ്യക്തമാക്കുന്നു* (വാ.8).

*നമുക്ക് സന്തോഷം ഉണ്ടാകും* (വാ.11). താൻ "പരിവർത്തനം ചെയ്തവർ തന്റെ സന്തോഷവും കിരീടവും" ആണെന്ന് പൗലോസ് പറഞ്ഞു (ഫിലിപ്പിയർ 4:1). യോഹന്നാൻ പറഞ്ഞു വിശ്വാസത്തിലുള്ള തന്റെ "മക്കൾ" "സത്യത്തിൽ നടക്കുന്നു" എന്ന് കോൾക്കുന്നതിനേക്കാൾ വലിയ സന്തോഷം ഇല്ല (3 യോഹന്നാൻ 4).

*ആത്മാക്കൾ രക്ഷിക്കപ്പെടും* – നമ്മുടേതും മറ്റുള്ളവരുടേതും!

### ഉപസംഹാരം

സജീവമായ ഒരു ഇടവകയുടെ ഭാഗമാകാനാണ് എനിക്കിഷ്ടം. സന്തോഷവും തിരക്കുമുള്ള ക്രിസ്ത്യാനികളോട്കൂടെആയിരിക്കുക എത്ര ആനന്ദമാണ്! എന്നിരുന്നാലും, വിവിധ "പ്രോജക്ടുകൾ" നടത്തുന്നതിൽ വ്യാപൃതരാകുകയും കർത്താവിന്റെ സഭയായി ഊർജ്ജസ്വലരാകേണ്ട കാഴ്ച്ച ചിലപ്പോൾ നഷ്ടമാക്കുന്നുണ്ട്. ചിലപ്പോൾ ദൈവത്തിന് ഫലം കായ്ക്കേണ്ട കാരണം പോലും നാം മറന്നുകളയുന്നു. ഫലം–കായ്ക്കലിന് പകരമായി മറ്റൊന്നില്ല. നാം എല്ലാവരും അവന് ഫലം–കായ്ക്കുന്നവരായി തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ![12]

---

**കുറിപ്പുകൾ**

[1]ആ ആഭരണങ്ങളെക്കുറിച്ചുള്ള വിശദീകരണത്തിന് ക്രിസ്തുവിന്റെ ജീവിതം, 5 ലെ "അവൻ പുറപ്പെട്ടു പോകുകയും" നോക്കുക. [2]ഈ പാഠത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത് ആത്മാക്കളെ–നേടുന്നതിനാണ്, എന്നാൽ അവതരണം ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നതിനോ അല്ലെങ്കിൽ ക്രിസ്തുവിനെപ്പോലെയുള്ള ജീവിതം നയിക്കുന്നതിനോ ഊന്നൽ കൊടുത്തുകൊണ്ടുമാകാം. [3]"ഫലം" എന്ന വാക്കിന് പല ഉപയോഗങ്ങൾ ഉണ്ട്. മറ്റൊരാളുടെ ജീവിതത്തിൽ നിങ്ങൾ കാണുന്നതിനെ സൂചിപ്പിച്ചു പറയാം (മത്തായി 3:10; 7:16–20); വിശ്വസ്തവും ഫലപ്രദമായ ക്രിസ്തീയ ജീവിതത്തിന്റെ ഉൽപ്പന്നത്തെയും പറയാം (എഫേസ്യർ 5:9; ഫിലിപ്പിയർ 1:11; കൊലോസ്യർ 1:10; എബ്രായർ 12:11; യാക്കോബ് 3:17, 18); അല്ലെങ്കിൽ വിപുലമാക്കിയ പരിശ്രമങ്ങൾക്കുള്ള പ്രതിഫലത്തിന് (യോഹന്നാൻ 4:36; 12:24). "ആദ്യഫലം" എന്ന പ്രയോഗം (റോമർ 8:23; 1 കൊരിന്ത്യർ 15:20, 23; 16:15) പഴയനിയമത്തിലെ ആദ്യഫലം (വിളവെടുപ്പിൽ കിട്ടുന്ന ആദ്യത്തേത്) കർത്താവിന് സമർപ്പിക്കണമെന്ന ആലങ്കാരികപ്രയോഗമാണ്. [4]ആൽഫ്രഡ് മാർഷൽ, ദ ഇന്റർ ലീനിയർ ഗ്രീക്ക്–ഇംഗ്ലീഷ് ന്യൂടെസ്റ്റമെന്റ്, 2 എഡി (ലണ്ടൻ: സാമുവൽ ബാക്സ്റ്റർ ആന്റ് സാൺസ്, 1958), 136. [5]നിങ്ങൾ സംസാരിക്കുമ്പോൾ റ്റീവിയിലോ അല്ലെങ്കിൽ വർത്തമാന പത്രത്തിലോ വരുന്ന "മോശമായ " വാർത്തകളെ സൂചിപ്പിച്ചു പറയാം. [6]നിങ്ങൾ പ്രസംഗിക്കുന്ന സ്ഥലത്ത് നടന്നതുമായി യോജിക്കുന്ന രീതിയിൽ ഈ ഖണ്ഡിക മാറ്റാം. നിങ്ങൾക്ക് ഒരു പ്രത്യേക രീതി ഇഷ്ടമാണെങ്കിൽ ഒന്നോ രണ്ടോ വാക്ക് അതിനെക്കുറിച്ചു പറയാം. എങ്ങനെ ഒരു സുവിശേഷീകരണ രീതി ഉപയോഗിക്കാമെന്ന് നിങ്ങളുടെ ക്ലാസ്സിൽ പ്രഖ്യാപിക്കാം. [7]ഞാൻ എന്റെ കഷണ്ടിത്തല തടവിക്കൊണ്ട് വ്യക്തിപരമായ ചിത്രീകരണം പറയും, "മുടി വളരുന്നതിനുള്ള ടോണിക്ക് ഉറപ്പോടുകൂടി വിൽക്കുവാൻ എനിക്ക് പ്രയാസം നേരിടും". [8]"ക്ലോറോഫിൽ" എന്നത് ഗ്രീക്ക് പദം മാറ്റിയ വാക്കാണ്. അർത്ഥം "പച്ച." അത് ഇലകൾക്ക് പച്ച നിറം നൽകുന്നതിനെ സൂചിപ്പിക്കുന്നു. [9]അമേരിക്കയിൽ ഞാൻ പറയും, "സം ഓഫ് അസ് കുഡ് നോട്ട് സെൽ എ സീറ്റ് ഓൺ ദ ഫിഫ്റ്റി–യാഡ് ലൈൻ അറ്റ് ദ ബൗൾ ഫോർ ഫിഫ്റ്റി സെൻസ്!" [10]എന്റെ കയ്യിൽ ഞാൻ സ്നാനപ്പെട്ട രേഖ ഒന്നുമില്ല, ഞാൻ ശുശ്രൂഷിച്ചിട്ടുള്ള ഇടവകയിൽ, ഒരാൾ സ്നാനപ്പെട്ടു എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് കൊടുക്കുന്ന പതിവുണ്ടായിരുന്നു. നിങ്ങളുടെ സ്ഥലത്ത് ആ പതിവില്ലെങ്കിൽ, ആ വാചകം മാത്രം പറയുക.

[11]സൂചിപ്പിച്ച വേദഭാഗങ്ങൾ വായിക്കുകയോ, അല്ലെങ്കിൽ ആ വേദഭാഗങ്ങൾ വിപുലീകരിക്കയോ ചെയ്യാം. [12]നിങ്ങൾ അവസാനം ക്ഷണം നടത്തുമ്പോൾ, ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏല്കികുന്നതിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയാം – പിന്നെ വിശ്വസ്തരായി ജീവിക്കേണ്ടതിന്റെ (അവനിൽ വസിക്കുക) ആവശ്യകതയും ഊന്നി പറയുക. സ്നാനപ്പെട്ട ശേഷം ആരെങ്കിലും പിൻമാറ്റത്തിലാണെങ്കിൽ യഥാസ്ഥാനപ്പെടുവാൻ പ്രോൽസാഹിപ്പിക്കയും ചെയ്യുക.